# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 531 28-09-2016-ൽ മറുപടിയ്ക്ക്

### മധുരവേലി ഐ.ടി.സി.ക്ക് കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.ടി.സി.ക്ക് കെട്ടിടം പണിയുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പിൽ നിലവിലുള്ള 23453/2015 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | മധുരവേലി ഐ.ടി.ഐ കെട്ടിടത്തിന് ആവശ്യമായ മെയിന്റനൻസ് ആന്റ് റീനൊവേഷൻ പ്രവൃത്തികൾക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 31.5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം ലഭ്യമാക്കാൻ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറോട് പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടു. ചീഫ് എഞ്ചിനീയർ ആയത് പരിശോധിച്ച് ശുപാർശ സമർപ്പിച്ചിരുന്നു. ടി ഐ.ടി.ഐ കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റും മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് വകുപ്പിനു കീഴിലുള്ള 44 ഐ.ടി.ഐകളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കോംപ്രിഹെൻസീവ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി. എന്നാൽ ടി പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ മുൻസർക്കാരിന്റെ കാലത്ത് കാലതാമസം നേരിട്ടിരുന്നു. മധുരവേലി ഐ.ടി. ഐയിൽ റിനൊവേഷൻ വർക്കുകൾ അടിയന്തിരമായി ചെയ്യേണ്ടതിനാൽ മേൽ കോംപ്രിഹെൻസീവ് പ്രൊപ്പോസലിൽ നിന്നും മാറ്റി പ്രത്യേകം പരിഗണിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനിൽ ടി പ്രൊപ്പോസൽ 7-9-2016-ലെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നു. മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുമായി |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ ഒരു ചർച്ച നടത്തിയശേഷം തീരുമാനമെടുക്കാമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. |
| ബി) | ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; | ബി) | മുൻ വിവരിച്ച നടപടിക്രമങ്ങളിലുണ്ടായ താമസം കാരണം ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് കഴിഞ്ഞില്ല. |
| സി) | ഫയൽ ന്യൂനത പരിഹരിച്ച് എന്ന് അയയ്ക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ? | സി) | മധുരവേലി ഐ.ടി.ഐയിലെ റിനൊവേഷൻ പ്രവൃത്തികൾ സംബന്ധിച്ച് മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുമായി ചർച്ച നടത്തി ന്യൂനത പരിഹരിച്ച് പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ